**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3630 26.06.2012 ൽ മറുപടിയ്ക്ക്

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് നടപടികൾ

ചോദ്യം
ശ്രീ. എം. പി. വിൻസെന്റ്
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. എ. റ്റി. ജോർജ്

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് പറയാമോ; | (എ) | മോട്ടോർ വാഹന വകുപ്പിലെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും ഇടനിലക്കാരെയും ഏജന്റുമാരെയും ഒഴിവാക്കുന്നതിനും താഴെ കൊടുത്തിരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച്, എല്ലാ സർവ്വീസും എല്ലാ കൗണ്ടറുകളിലും ലഭ്യമാക്കി, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ് പരിപാടി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം, റഡാർ സർവൈലൻസ് സംവിധാനം എന്നിവ ഏർപ്പെടുത്തി. വാഹന പരിശോധന കേന്ദ്രവും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചു. |
| (ബി) | എങ്കിൽ ഇതിനായി ഇടത്തട്ടുകാരേയും ഏജന്റുമാരേയും ഒഴിവാക്കുന്ന കാര്യം പരിഗണിയ്ക്കുമോ; | (ബി) | പരിഗണിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഏജന്റുമാരെയും ഇടത്തട്ടുകാരെയും ഒഴിവാക്കുന്നതിന് സുതാര്യമായതും വേഗത്തിലുള്ളതുമായ സേവനം |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് എത്തിച്ച് കൊടുക്കുന്നതിനും വേണ്ടിയാണ് വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ്, റഡാർ സർവ്വലൻസ് സംവിധാനം, ഡ്രൈവർ പരിശീലന കേന്ദ്രം, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് മുതലായ പദ്ധതികൾ വകുപ്പിൽ ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ അടിക്കടി പരിശോധന നടത്തുകയും ചട്ടങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ